# കൈത്താക്കാലം
## വചന വിചിന്തനം
### കൈത്താക്കാലം ആറാം ഞായർ
### ലൂക്കാ 17,11-19

"അവരിൽ ഒരുവൻ, താൻ രോഗ വിമുക്തനായി എന്നുകണ്ട് ഉച്ചത്തിൽ ദൈവത്തെ സ്തുതിച്ചുകൊണ്ടു തിരിച്ചുവന്നു."
ലൂക്കാ 17,15

സ്തുതിപ്പ് നന്ദിയുടെ പര്യായമാണെങ്കിൽ
ഒമ്പത് പേർ സൗഖ്യം കൊണ്ട് സംതൃപ്തിയടഞ്ഞതിന്റെയും
ഒരുവൻമാത്രം രക്ഷകൊണ്ട് അനുഗ്രഹപൂർണമാകുന്നതിന്റെയും
കാരണം ഇത് തന്നെയാണ്! നന്ദിയുള്ളവരായി ജീവിക്കുക...

"അകലെ നിന്നിരുന്ന പത്തു കുഷ്ഠരോഗികൾ അവനെക്കണ്ടു" (ലൂക്കാ 17,12). സഹനങ്ങളിൽ മിക്കവരും കടുത്ത വിശ്വാസികളായി മാറ്റപ്പെടും എന്നതിന്റെ ഉത്തമ ദൃഷ്ടാന്തമാണിത്!

ക്രിസ്തു ഒരു ഗ്രാമത്തിൽ പ്രവേശിച്ചപ്പോൾ അകലെ നിന്നിരുന്ന പത്തു കുഷ്ഠരോഗികൾ അവനെ കാണുകയും, അവർ സ്വരമുയർത്തി,

"കർത്താവേ, ഗുരോ, ഞങ്ങളിൽ കനിയണമേ" എന്ന് അപേക്ഷിക്കുകയും ചെയ്യുന്നു.

അവരെ കണ്ടപ്പോൾ ക്രിസ്തുവിന്റെ മനസ്, ഹൃദയം ആനുകമ്പക്കൊണ്ട് നിറഞ്ഞു. അവൻ അവരോട് പറഞ്ഞു:

"പോയി നിങ്ങളെത്തന്നെ പുരോഹിതൻമാർക്കു കാണിച്ചു കൊടുക്കുവിൻ."

പക്ഷെ, അൽഭുതം അരങ്ങേറുന്നത് പോകും വഴിയിലാണ്. പോകുംവഴി അവർ സുഖം പ്രാപിച്ചു. പക്ഷെ, തന്റെ സൗഖ്യത്തിന് കാരണം ക്രിസ്തുവാണെന്ന് അവരിൽ ഒരുവൻ മാത്രം തിരിച്ചറിയുകയും ഉച്ചത്തിൽ ദൈവത്തെ സ്തുതിച്ചുകൊണ്ടു തിരിച്ചുവന്ന് കർത്താവിൻെറ കാൽക്കൽ സാഷ്ടാംഗം പ്രണമിച്ചു നന്ദി പറഞ്ഞു. അവന്റെ പ്രത്യേകത, അവൻ ഒരു സമരിയാക്കാരനായിരുന്നു, വിജാതിയനായിരുന്നു. ഇത് കണ്ട കർത്താവ് അവനോട് ചോദിച്ചു:

"പത്തുപേരല്ലേ സുഖപ്പെട്ടത്? ബാക്കി ഒൻപതു പേർ എവിടെ?" അവന്റെ നിശബ്ദതയേറുന്ന കുനിഞ്ഞ ശിരസിനുമ്പിൽ കർത്താവ് ഇത്ര കൂടി കൂട്ടി ചേർത്തു;

"ഈ വിജാതീയനല്ലാതെ മറ്റാർക്കും തിരിച്ചുവന്നു ദൈവത്തെ മഹത്വപ്പെടുത്തണം എന്നു തോന്നിയില്ലേ? എഴുന്നേറ്റു പൊയ്ക്കൊള്ളുക. നിൻെറ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു."

ക്രിസ്തു പത്ത് കുഷ്ടരോഗികളെ സുഖപ്പെടുത്തുന്ന വചനഭാഗം ഒരു നാടകത്തിന്റെ എല്ലാവിധ ചേരുവകൾ കൂടിചേരുന്ന ഭാഗമാണ്. കൃത്യമായ സന്ദേശം നൽകുന്നതിനോടൊപ്പം തന്നെ ഏറെ ഹൃദ്യവുമായി അവതരിപ്പിക്കുന്ന വചനഭാഗം കൂടിയാണിത്. വചനഭാഗത്തിന്റെ സന്ദേശം ഏറെ സ്പഷ്ടമാണ്, "നന്ദി പറഞ്ഞ് ദൈവത്തെ സ്തുതിക്കുന്നവനെ ദൈവം രക്ഷ നൽകി അനുഗ്രഹിക്കും!"

കുറച്ച് നാളുകൾക്കുമുമ്പ് കുടുംബകൂട്ടായ്മയിൽ ചെന്നപ്പോൾ അന്ന് അവിടെയുണ്ടായിരുന്ന ഒരു കൊച്ചുക്കുട്ടി, കലാപരിപാടികൾക്കിടയിൽ ചോദിച്ച കുസൃതി ചോദ്യം ഇപ്രകാരമായിരുന്നു;

"അമേരിക്കക്കാർ ഏറ്റവും അധികം ഉപയോഗിക്കുന്നതും, ഇന്ത്യക്കാർ ഏറ്റവും കുറച്ച് ഉപയോഗിക്കുന്നതുമായ മൂന്ന് വാക്കുകൾ ഏവ?"

ഒരുപാട് ഉത്തരങ്ങൾ പലവിധത്തിലും പറഞ്ഞിട്ടും ശരിയാകാതെ വന്നപ്പോൾ അവസാനം ആ കുട്ടി തന്നെ ഉത്തരം പറഞ്ഞു;

"Thanks.... Sorry... Welcome..."

"നന്ദി... ക്ഷമിക്കണം... സ്വാഗതം..."

എത്രയോ സത്യമാണിത്, നന്ദി പറയാൻ ഇന്ന് മലയാളികൾ മറന്ന് പോയിരിക്കുന്നു.... എല്ലാവരിലും നിന്ന് ലഭിക്കാനും, എന്നാൽ, ആർക്കും കൊടുക്കാത്തതുമായ സാധനം ഏതാണെന്ന് ചോദിച്ചാലും ഉത്തരം ഇത് തന്നെയാണ്; "നന്ദി... ക്ഷമിക്കണം... സ്വാഗതം..." കഴിഞ്ഞ ദിവസം ഫെസ്ബുക്കിൽ ഏറെ ചിന്തിപ്പിച്ച ഒരു കഥ ഇപ്രകാരമായിരുന്നു.

സർക്കാർ ഓഫീസിലെ ജോലിക്കാരൻ: "സാർ, മൂന്നു മണിയായി ഞാൻ പൊക്കോട്ടെ?"

ഓഫീസർ : 'എന്താണിത്ര ധൃതി...?"

"വീട്ടിൽ, പറമ്പ് കിളയ്ക്കാൻ ഒരു പണിക്കാരനെ നിർത്തിയിട്ടുണ്ട്, ഞാൻ ചെന്നില്ലെങ്കിൽ അയാൾ നാലരയ്ക്ക് പണി നിർത്തും. ജോലിയിൽ ഒരു ആത്മാർത്ഥതയുമില്ലാത്ത കള്ളനാണവൻ...!!!"

കർത്താവിൽ നിന്ന് അനുഗ്രഹം സ്വന്തമാക്കിയവരിൽ 90% പേരും കർത്താവിനെ എന്നന്നെയ്ക്കുമായി ഉപേക്ഷിക്കുന്നു എന്നതിന്റെ സൂചന കൂടിയാണ് വചനഭാഗം!

ഇതിൽ ആരാണ് കളളൻ എന്ന് ഏറെ സ്പഷ്ടമാണ്. ഞാൻ നൽകുന്നതെ എനിക്ക് തിരിച്ച് കിട്ടു. ദൈവത്തെ സ്തുതിച്ച് കൊണ്ട് കർത്താവിന്റെ മുമ്പിൽ വന്ന് സ്രാഷ്ടാംഗം പ്രണമിച്ച് കർത്താവിനോട് നന്ദി പറഞ്ഞപ്പോൾ കർത്താവ് അവനെ രക്ഷ കൊണ്ട് അലങ്കരിക്കുന്നു! കർത്താവ് അവനോട് പറയുകയാണ്;

''എഴുന്നേറ്റു പൊയ്ക്കൊള്ളുക. നിൻെറ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു" (ലൂക്കാ 17,19). കർത്താവിൽ നിന്ന് രക്ഷ സ്വന്തമാക്കാൻ എനിക്ക് എന്തു ചെയ്യാം എന്ന് ചോദിച്ചാൽ, അതിനുള്ള ഉത്തരം കൂടിയാണ് വചനഭാഗം. "ഇന്നോളം അനുഭവിച്ചിട്ടുള്ള സകല കൃപകൾക്കും ദൈവത്തോട് നന്ദി പറയുക!" മനസ്സിന്റെ വലുപ്പം സ്വന്തമാക്കിയവർക്ക് മാത്രമെ നന്ദി പറയാൻ സാധിക്കു. നന്ദി പറയുന്നത് തോറ്റ് കൊടുക്കുന്നതിന് തുല്ല്യമാണ്. ഞാൻ നന്ദി പറയുമ്പോൾ ഞാൻ പറയുന്നത്, "ഇത് ഞാൻ സ്വന്തമാക്കിയത് എന്റെ കഴിവ് കൊണ്ടല്ല. മറിച്ച്, നിന്റെ അനുഗ്രഹം കൊണ്ടാണെന്നാണ്." അതുകൊണ്ടാണ് കുറിച്ച് വച്ചത്, മനസ്സിന്റെ വലുപ്പം സ്വന്തമാക്കിയവർക്ക് മാത്രമെ നന്ദി പറയാൻ സാധിക്കു എന്ന്.

ഒരിക്കൽ നാല് ഭടന്മാർ ഭാരമേറിയ ഒരു മരക്കഷണം ഉന്തുവിയിൽ കയറ്റാൻ ശ്രമിക്കുകയായിരുന്നു. എന്നാൽ അതിനു വലിയ ഭാരമുണ്ടായിരുന്നതിനാൽ അത് ഉയർത്തി വണ്ടിയിൽ കയറ്റുമ്പോഴേക്കും വീണ്ടും ഉരുണ്ടു താഴേക്കു വീണു. പല പ്രാവശ്യം പരിശ്രമിച്ചെങ്കിലും മരത്തടി വണ്ടിയിൽ കയറ്റുവാൻ കഴിയാതെ ഭടന്മാർ വിഷമിച്ചു. അവരുടെ മേലാവായ കോർപ്പറൽ ദൂരെ മാറി നിന്നുകൊണ്ട് ഇതെല്ലാം വീക്ഷിക്കുകയാണ്.

"ഇനിയും തടി കയറ്റിക്കഴിഞ്ഞില്ലേ" എന്ന് അയാൾ ഭടന്മാരോടു വിളിച്ചു ചോദിക്കുന്നത് അതുവഴി കുതിരപ്പുറത്തു വന്ന ഒരാൾ കേട്ടു. വീണ്ടും തടി ഉയർത്താൻ പാടുപെടുന്ന ഭടന്മാരുടെ ദയനീയസ്ഥിതി കണ്ട് അശ്വാ രൂഢനായ മനുഷ്യൻ കോർപ്പറലിനോട് ചോദിച്ചു;

"നിങ്ങൾക്കൊന്നു സഹായിച്ചു കൂടെ? ഒന്ന് താങ്ങിക്കൊടുത്താൽ

തടി വണ്ടിയിലേക്കു കയറും."

"ഞാനൊരു കോർപ്പറലാണ്. ഇത്തരം പണികളൊന്നും ഞാൻ ചെയ്യേണ്ടതല്ല" ഇതായിരുന്നു കോർപ്പറലിന്റെ മറുപടി.

ഇതുകേട്ട ആഗതൻ ഒന്നും മിണ്ടാതെ കുതിരപ്പുറത്തു നിന്നും ഇറങ്ങി ആ ഭടന്മാരുടെ അടുത്തു ചെന്ന് തടി പിടിക്കാൻ കൂടി. അങ്ങനെ മരക്കഷണം വണ്ടിക്കുള്ളിലായപ്പോൾ ഭടന്മാർ പറഞ്ഞ താങ്ക്സ് പോലും കേൾക്കാൻ നിൽക്കാതെ തിരക്കിട്ട് കുതിരപ്പുറത്തു കയറി ഓടിച്ചു പോവുകയും ചെയ്തു.

അടുത്ത ദിവസം അമേരിക്കയുടെ പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ട ജോർജ് വാഷിംഗ്ടണിന് ഒരു പൗരസ്വീകരണം അവിടെ നടന്നു. ആ ചടങ്ങിൽ മേൽപ്പറഞ്ഞ കോർപ്പറലും പങ്കെടുത്തിരുന്നു. സ്വീകരണം ഏറ്റുവാങ്ങി വേദിയിലിരിക്കുന്ന വാഷിംഗ്ടനെ കണ്ടപ്പോൾ കോർപ്പറൽ ഞെട്ടി! കാരണം, തലേദിവസം കുതിരപ്പുറത്തു വന്നിറങ്ങി ഭടന്മാരെ തടി കയറ്റാൻ സഹായിച്ച അതേ വ്യക്തി തന്നെയായിരുന്നു വേദിയിലിരുന്നത്!

വലിയ മനുഷ്യർക്കേ ചെറിയവരാകാൻ കഴിയൂ... മറ്റുള്ളവരുടെ കണ്ണുനീർ ഒപ്പാൻ സാധിക്കൂ. ചെറിയ കാര്യങ്ങൾക്ക് പോലും നന്ദിയുള്ള വ്യക്തികളെപ്പോലെ പെരുമാറാൻ സാധിക്കൂ. എന്നാൽ, ചെറിയ മനുഷ്യരാകട്ടെ, എപ്പോഴും വലിയവരാകാൻ ശ്രമിച്ചു കൊണ്ടിരിക്കും. ദൈവം ഏറ്റവും വലിയവനാകയാൽ അവിടുത്തേക്കു മാത്രമേ ഏറ്റവും ചെറിയവനാകാനും സാധിക്കൂ. എന്റെ വലിപ്പത്തിന്റെ പൊള്ളത്തരങ്ങളെല്ലാം വെളിപ്പെടുത്തുന്ന ദൈവത്തിന്റെ എളിമയെ തിരിച്ചറിയണമെങ്കിൽ ദിവ്യകാരുണ്യത്തിലേയ്ക്കൊന്നു നോക്കിയാൽ മതി! മനുഷ്യനാൽ കടിച്ചു ചവച്ചരയ്ക്കപ്പെടാൻ പറ്റിയ വിധം ഒരു അപ്പത്തിൽപ്പോലും സന്നിഹിതനാകാൻ കഴിയുന്ന അവിടുത്തെ 'വലിമ' നമുക്ക് മനസ്സിലാക്കാൻ കഴിയുന്നതിലും മഹിമയുള്ളതുതന്നെയാണ്.

ജീവിതത്തിൽ മറക്കാതെ കാത്തു സൂക്ഷിക്കേണ്ട മൂന്ന് വാക്കുകൾ "നന്ദി... ക്ഷമിക്കണം... സ്വാഗതം..." എളിമപ്പെടാനും ചെറുതാകാനും വിഷമമുള്ള മനുഷ്യർക്കുവേണ്ടി ദൈവം സ്വയം ചെറുതായി. ഭാര്യയോ ഭർത്താവോ ആരെങ്കിലുമൊന്നു ചെറുതാകാൻ മനസ്സുവച്ചാൽ കുടുംബ കലഹങ്ങൾ നീങ്ങിപ്പോകും. രാഷ്ട്രീയകലഹങ്ങളും പള്ളിവഴക്കുകളുമെല്ലാം വലുതാകാൻ ശ്രമിക്കുന്നത് ചെറിയ മനുഷ്യരുടെ ദൗർബല്യങ്ങളാണ്. "നന്ദി" പറയുന്നവനെ ദൈവം "രക്ഷ" നൽകി അനുഗ്രഹിക്കുന്നു. ഇതിനേക്കാൾ വലിയ അനുഗ്രഹങ്ങളൊന്നും ഈ ഭൂമിയിലില്ല!

**അൽഭുതങ്ങളെന്നും തിരിച്ചറിവാകണം! അൽഭുതങ്ങൾ അണിയിക്കുന്ന വനിലേയക്ക് അണയുവാനുള്ള സമയമായെന്ന തിരിച്ചറിവ്!**

"ഞാൻ നിമിത്തം നിൻെറ ദിനങ്ങൾ പെരുകും;
നിൻെറ ആയുസ്സിനോടു കൂടുതൽ സംവത്സരങ്ങൾ ചേരും.
നീ വിവേകിയെങ്കിൽ പ്രയോജനം നിനക്കുതന്നെ;"

സുഭാ 9,11-12

**ഫാ. ജോബി മേനോത്ത്**
**+91 944 7777 931**